"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 2020-21-ൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചതിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയുടെ വിനിയോഗം — മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2370/2025/LSGD തീയതി,തിരുവനന്തപുരം, 28-09-2025

പരാമർശം:-

1. സ.ഉ.(കൈ)നം. 103/2020/തസ്വഭവ; തീയതി 30.06.2020
2. സ.ഉ.(കൈ)നം. 84/2022/തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ)നം. 86/2022/തസ്വഭവ; തീയതി 19.04.2022
4. സ.ഉ.(കൈ)നം. 115/2022/തസ്വഭവ; തീയതി 28.05.2022
5. സ.ഉ.(സാധാ)നം. 4802/2024/ധന; തീയതി 18.06.2024
6. സ.ഉ.(സാധാ)നം. 2075/2025/ധന; തീയതി 04.03.2025
7. സ.ഉ.(സാധാ)നം. 5209/2025/ധന; തീയതി 16.06.2025
8. സ.ഉ.(സാധാ) നം. 7612/2025/ധന; തീയതി 19.09.2025
9. സ.ഉ.(സാധാ)നം. 2274/2025/തസ്വഭവ; തീയതി 20.09.2025

**ഉത്തരവ്**

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 2020-21 സാമ്പത്തിക വർഷം തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് 2411.52 കോടി രൂപ ട്രഷറി മുഖേന അനുവദിച്ചിരുന്നു. ഇപ്രകാരം അനുവദിച്ച തുക വിനിയോഗിക്കുന്നതിന് തുടർന്നുള്ള വർഷങ്ങളിലും അവസരം നൽകി. എന്നാൽ ചില തദ്ദേശ ഭരണസ്ഥാപനങ്ങൾ തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. 2025 മാർച്ച് 31 ന് ചെലവഴിക്കാൻ ബാക്കിയുള്ള തുക പരാമർശം 8 പ്രകാരം സർക്കാർ അനുവദിച്ചിട്ടുണ്ട്.

2. 2021 - 22 സാമ്പത്തിക വർഷത്തെ പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റിലെ unspent balance ഇനത്തിൽ പരാമർശം 8 പ്രകാരം അനുവദിച്ച തുക വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ 2025-26 വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനും തുക പൂർണ്ണമായി വിനിയോഗിക്കുന്നതിനും സർക്കാർ ചുവടെ വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

1. പരാമർശം 8 പ്രകാരം അനുവദിച്ച തുക വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ പരാമർശം 9 പ്രകാരം അനുവദിച്ചിട്ടുള്ള ഭേദഗതിക്കൊപ്പം വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

2. ഈ ഇനത്തിലെ സ്പിൽ ഓവർ പ്രോജക്ടുകൾ ഇപ്പോൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്. സ്പിൽ ഓവർ പ്രോജക്ടുകൾ ഇല്ലെങ്കിൽ, വേഗത്തിൽ തുക ചെലവഴിക്കാൻ കഴിയുംവിധം, നടപ്പ് വാർഷിക പദ്ധതിയിലെ പൊതു വിഭാഗം വികസനഫണ്ട്, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം, തനതു ഫണ്ട് എന്നീ സ്രോതസ്സുകൾ വകയിരുത്തി ഏറ്റെടുത്തിട്ടുള്ള പ്രോജക്ടുകളിൽ നിന്നും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാവുന്ന പ്രോജക്ടുകൾ കണ്ടെത്തി അവയുടെ ഫണ്ട് സ്രോതസ് പൂർണ്ണമായോ ഭാഗികമായോ മാറ്റി പകരം unspent balance ഇനത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക വകയിരുത്താവുന്നതാണ്. ഇങ്ങനെ കഴിയില്ലെങ്കിൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള പുതിയ പ്രോജക്ടുകൾ എടുക്കാവുന്നതാണ്.
3. ചെറിയ തുക ലഭിച്ച സംഗതികളിൽ പുതിയ പ്രോജക്ട് എടുക്കുന്നതിന് പകരം നിലവിലുള്ള ഏതെങ്കിലും പ്രോജക്ടിന്റെ ഫണ്ട് സ്രോതസ് മാറ്റി unspent balance ഇനത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക വകയിരുത്തുന്ന രീതി സ്വീകരിക്കുന്നതായിരിക്കും അഭികാമ്യം.
4. പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് കാലയളവ് 2026 മാർച്ച് 31 വരെയാണ്. എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും ഈ തീയതിയ്ക്കകം ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിക്കേണ്ടതാണ്.
5. ബില്ലുകൾ തയ്യാറാക്കി ട്രഷറി മുഖേന തുക വിനിയോഗിക്കേണ്ടതാണ്. ഇതിനുള്ള ക്രമീകരണം സോഫ്റ്റ് വെയറിൽ വരുത്തുന്നതാണ്.
6. പരാമർശം 8 പ്രകാരം തുക അനുവദിച്ചിട്ടുള്ള എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഇതിനുള്ള പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി നിർബന്ധമായും വാർഷിക പദ്ധതി പരിഷ്കരിക്കുന്നുണ്ടെന്ന് ജില്ലാ ആസൂത്രണ സമിതി ഉറപ്പാക്കേണ്ടതാണ്.
7. ജില്ലാ ആസൂത്രണ സമിതിയുടെ പ്രതിമാസ പദ്ധതി നിർവഹണ പുരോഗതി അവലോകന യോഗങ്ങളിൽ ഈ തുകയുടെ വിനിയോഗത്തിന്റെ പുരോഗതി പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ, റൂറൽ
9. തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ, അർബൻ
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ചീഫ് ടൗൺ പ്ലാനർ

12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതിഅദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാകളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
17. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
18. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
19. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
20. ഡയറക്ടർ ജനറൽ, കില
21. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
22. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
23. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
24. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
25. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 29-09-2025 11:09:35
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്